## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1872** **08-10-2021 - ൽ മറുപടിയ്ക്ക്**

## ഫാം ലൈസൻസ് ചട്ടങ്ങളുടെ ഭേദഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കന്നുകാലി, ആട്ടവളർത്തൽ സംരംഭകർക്ക് ലൈസൻസ് ലഭിക്കുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി ലഭിക്കുന്നതിന് വളരെ പ്രയാസം അനുഭവിക്കേണ്ടി വരുന്നുണ്ടെന്ന പരാതികൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വ്യക്തിവൈരാഗ്യങ്ങൾ കാരണം ഫാമുകൾക്ക് എതിരെ പരാതി നൽകുന്ന പ്രവണത വർദ്ധിച്ചു വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടി വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. നിലവിലെ സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് അത്തരം പരാതികൾ പരിശോധിച്ചാണ് ഫാം ലൈസൻസ് നൽകി വരുന്നത്. മലിനീകരണത്തെ സംബന്ധിച്ച് ഫാമുകൾക്കെതിരെ പരാതി ലഭിക്കുകയാണെങ്കിൽ പ്രസ്തുത ബോർഡിൽ നിന്ന് അന്വേഷിക്കുകയും വ്യാജമാണെങ്കിൽ ആ പരാതി തള്ളിക്കളയുകയും പരാതിയിൽ കഴമ്പുണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് നൽകാറുമുണ്ട്. |
| (സി) | പുതുക്കിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി ഫാം ലൈസൻസ് ചട്ടങ്ങളിൽ ഭേദഗതി വരുത്താത്തത് കർഷകർക്കും സംരംഭകർക്കും പ്രയാസം സൃഷ്ടിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ചട്ടങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഉണ്ട്. കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ 2020-ൽ വരുത്തിയ ഭേദഗതികൾക്കനുസൃതമായി 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകളിൽ ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന വിഷയവും ലൈവ്സ്റ്റോക്ക്ഫാം ലൈസൻസിനായി മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയ്ക്കായി പ്രത്യേക ചട്ടങ്ങൾ രൂപികരിക്കുന്ന വിഷയവും തദ്ദേശ സ്വയംഭരണ വകപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ